**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** — **29.06.2012 ൽ**

**ചോദ്യം നമ്പർ.4537** — **മറുപടിയ്ക്ക്**

## നീർത്തട പരിപാലന പരിപാടി ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജി. എസ്. ജയലാൽ** | **ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)** |
| എ) **കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത നീർത്തട പരിപാലന പരിപാടി (ഐ.ഡബ്ല്യു.എം.പി) ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിൽ ഏതൊക്കെ ഗ്രാമപഞ്ചായത്ത് പ്രദേശത്താണ് നടപ്പിലാക്കുന്നത്;** | എ) ആദിച്ച നല്ലൂർ, ചാത്തന്നൂർ, പൂതക്കുളം |
| ബി) **പ്രസ്തുത പ്രദേശങ്ങൾ തെരെഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;** | ബി) ഓരോ വർഷവും സംസ്ഥാനത്ത് തിരഞ്ഞെടുക്കാവുന്ന ആകെ പ്രദേശത്തിന്റെ പരിധി കേന്ദ്ര സർക്കാർ നിശ്ചയിച്ച് അറിയിക്കുകയും അതനുസരിച്ച് നീർത്തടങ്ങൾ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഇതിനായി 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന നീർത്തടങ്ങളെ മുൻഗണന ക്രമത്തിൽ ചിട്ടപ്പെടുത്തിയ ഒരു State Perspective & Strategic Plan (SPSP) സംയോജിത നീർത്തട പരിപാലന പരിപാടിക്കായി രൂപീകരിച്ചിട്ടുള്ള എസ്.എൽ.എൻ.എയുടെ അംഗീകാരത്തോടുകൂടി കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ദാരിദ്ര്യ സൂചിക, പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ, വേതന ഘടന, പ്രദേശത്തിലെ കർഷകരുടെ നിരക്ക്, ഭൂജല ലഭ്യത, മഴയുടെ ലഭ്യത, പ്രദേശത്തെ കാർഷിക ഉത്പാദന ക്ഷമത മുതലായ ഘടകങ്ങളുടെ ഏറ്റകുറവിന് അനുസരിച്ച് അർഹത മാനദണ്ഡം നിശ്ചയിച്ചാണ് State Perspective & Strategic Plan (SPSP) തയ്യാറാക്കിയിരിക്കുന്നത്. ഇതനുസരിച്ച് ഓരോ പ്രദേശത്തേയും നീർത്തടങ്ങൾക്ക് വെയിറ്റേജ് നിശ്ചയിക്കുകയും അതനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് പ്രദേശങ്ങൾ തിരഞ്ഞെടുക്കുന്നത്. |

| | | | |
|---|---|---|---|
| സി) | **ഏത് ഉദ്യോഗസ്ഥ സംവിധാന ത്തെയാണ് പ്രസ്തുത പ്രദേശം തെരെഞ്ഞെടുക്കുന്നതിലേക്ക് നിയോഗിക്കുന്നത്;** | സി) | സംയോജിത നീർത്തട പരിപാലന പരിപാടിക്കായി മേഖല വിദഗ്ദ്ധരെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ എസ്.എൽ.എൻ.എ. (State Level Nodal Agency) പ്രവർത്തിച്ചുവരുന്നു. കേരള സർക്കാർ സർവ്വീസിലെ കൃഷി, മണ്ണു സംരക്ഷണം, ഗ്രാമവികസനം മുതലായ വകുപ്പിലെ ഉദ്യോഗസ്ഥർ അടങ്ങുന്നതാണ് എസ്.എൽ.എൻ.എ യുടെ ഘടന. എസ്.എൽ.എൻ.എ.യിലെ ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശപ്രകാരമാണ് നീർത്തടങ്ങൾ തിരഞ്ഞെടുക്കുന്നത്. |
| ഡി) | **ഈ നീർത്തട പ്രദേശം പരിപാലനപദ്ധതി പ്രകാരം തെരെഞ്ഞെടുത്തിട്ടുള്ള പ്രദേശത്ത് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കുമോ; ആയതിന് എത്ര രൂപാ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;** | ഡി) | ഇതിനായി പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് കേന്ദ്രസർക്കാരിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമായിട്ടുണ്ട്. അതനുസരിച്ച് 737.55 ലക്ഷം രൂപയാണ് പദ്ധതിയുടെ മൊത്തം അടങ്കൽ. മണ്ണുജല സംരക്ഷണത്തിന് ഉതകുന്നതും കാർഷികോത്പാദനത്തിന് ഊന്നൽ നൽകുന്നതുമായ പദ്ധതികളാണ് ഏറ്റെടുക്കുന്നത്. ഇതിനായുള്ള വിശദ പദ്ധതിരേഖ നിർവ്വഹണ ഏജൻസിയായ ഇത്തിക്കര ബ്ളോക്ക് പഞ്ചായത്ത് തയ്യാറാക്കി വരുന്നു. |
| ഇ) | **പദ്ധതി നിർവ്വഹണം നടത്തുന്നതിലേക്കുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണ്;** | ഇ) | സംസ്ഥാനതലത്തിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഗ്രാമവികസന കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ആഫീസറായി എസ്.എൽ.എൻ.എ. രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ പദ്ധതികൾ ഏകോപിപ്പിക്കുകയും പദ്ധതി ഭൂപ്രദേശത്തിന്റെ വിസ്തൃതിയിൽ കൂടുതൽ ഭാഗം അടങ്ങുന്നതായ ബ്ളോക്ക് പഞ്ചായത്ത് നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. |
| എഫ്) | **പദ്ധതി പ്രവർത്തനം ആരംഭിക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും, ഉദ്ദേശങ്ങളും നിയമസഭാ സാമാജികരെ അറിയിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് പാലിക്കപ്പെടുന്നുണ്ടോയെന്ന് അന്വേഷിച്ച് വിലയിരുത്തൽ നടത്തുവാൻ തയ്യാറാകുമോ?** | എഫ്) | പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതു മുതൽ പൂർത്തികരിക്കുന്നതു വരെയുള്ള വിവിധ ഘട്ടങ്ങളിൽ പദ്ധതി പ്രദേശത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്. വിവിധ തലങ്ങളിലെ ജനപ്രതിനിധികൾ ഇതിന് നേതൃത്വം നൽകി വരുന്നു. ജില്ലാതലത്തിൽ രൂപീകരിക്കുന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഓരോ ജില്ലയിലും ഒരു എം.എൽ.എ. കൂടി അംഗമാണ്. |

**സെക്ഷൻ ഓഫീസർ**